(സി)(ഡി)&(ഇ) ഈ ഉത്തരവ്മൂലം സർക്കാരിന് വളരെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ 5.2.99 ലെ സർക്കാർ ഉത്തരവ് അതേ പ്രാബല്യത്തിൽ പിൻവലിക്കുകയുണ്ടായി. ഭീമമായ തുക മടക്കിയടച്ചു ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രസ്തുത ഉത്തരവിൽ വേണ്ട ഭേദഗതികൾ വരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

20 (312) കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 31-ാം തീയതിയിലെ കണക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കോൺട്രാക്റ്റ് വർക്കുകൾ ഏറ്റെടുത്തു നടത്തിയ കോൺട്രാക്ടർമാർക്ക് എന്തു തുക കൊടുത്തു തീർക്കാനുണ്ട്;

(ബി) പണി തീർത്തിട്ട് രണ്ടു വർഷമോ അതിൽ കൂടുതലോ ആയ വർക്കുകളെ സംബന്ധിക്കുന്ന തുക എത്ര വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും ത്രൈമാസ കണക്കുകളാണ് തയ്യാറാക്കുന്നത്. ഇതനുസരിച്ച് 31.3.99 വരെ 481.82 കോടി രൂപ, കെട്ടിടങ്ങളും ലോക്കൽ വർക്ക് വിഭാഗത്തിൽ 1999 മേയ് 31 വരെ 58.85 കോടി രൂപ, രാജപാതകൾ വിഭാഗത്തിൽ 1999-മെയ് 31 വരെ 5.17 കോടി രൂപ.

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 297.94 കോടി രൂപാ, കെട്ടിടങ്ങളും ലോക്കൽ വർക്സും വിഭാഗത്തിൽ 4.73 കോടി രൂപാ, രാജപാതകൾ വിഭാഗത്തിൽ കുടിശ്ശിക ഇല്ല.

21 (313) ആറന്മുളയിലെ വൺമാൻ ട്രഷറിയുടെ പ്രവർത്തനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ അനുവദിച്ച "വൺമാൻ ട്രഷറി" യുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) ഈ ട്രഷറി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കുമോ;

(സി) മുളക്കുഴ പഞ്ചായത്തിന് അനുവദിച്ച "വൺമാൻ ട്രഷറി" എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് വൺമാൻ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly